www.khur-aansunnathsociety.com

# നമസ്ക്കാരം

## എങ്ങിനെ; എപ്പോൾ; എത്ര ?

നിലവിലുള്ള നമസ്ക്കാര രൂപത്തിൽ 30ലേറെ ജൂതായിസങ്ങളുണ്ട്. ശരിയായ നമസ്ക്കാര രൂപം ഖുർആൻ കൊണ്ടല്ലാതെ തെളിയുകയില്ല.
(നിലവിലുള്ള സുന്നികളുടെ അഞ്ചുനേര നമസ്ക്കാരം നബിയുടേതാണെന്നു തെറ്റിദ്ധരിച്ചു)
നമസ്കരിച്ച് നമസ്കരിച്ച് കഷ്ടപ്പെട്ടവർക്കും കഷ്ടപ്പാടോർത്ത് നമസ്ക്കരിക്കാത്തവർക്കും ഒരു പോലെ ഗുണം ചെയ്യുന്ന ഇസ്ലാമിക ചരിത്രത്തിലെ ആദ്യ ഗ്രന്ഥം.

*മൗലവി ചേകനൂർ*

# നമസ്ക്കാരം

## എങ്ങിനെ; എപ്പോൾ; എത്ര ?

- നിലവിലുള്ള നമസ്ക്കാരത്തിൽ 30 ജൂതായിസം
- 'ളുഹ്റു'ം 'മഗ്‌രിബും' ഖുർആൻ വിരുദ്ധം
- സുബ്ഹി സൂര്യോദയത്തിനുശേഷം മതി എന്ന് വിശുദ്ധ ഖുർആൻ.
- ഖുർആനിലെ നമസ്ക്കാര രൂപം
- ഇതെല്ലാം കണിശമായി തെളിയിക്കുന്ന ലോക ചരിത്രത്തിലെ ആദ്യത്തെ ഗ്രന്ഥം.

മൗലവി ചേകനൂർ

# നമസ്ക്കാരം

## എങ്ങിനെ; എപ്പോൾ; എത്ര ?

ഗ്രന്ഥകർത്താവ്:
**പി. കെ. എം. അബുൽഹസൻ**
**(മൗലവി ചേകനൂർ)**

പകർപ്പവകാശം ഗ്രന്ഥകർത്താവിൽ
നിക്ഷിപ്തം

Checking & corrections done by
***Dr. M.Abdul Jaleel**, Puttekkad.*

For Chekanoor Moulavi Trust
www.chekanoormoulavi.com
www.Khur-aansunnathsociety.com

*വില:*

# “അത്തഹിയ്യാത്തിൽ”
# 15 ജൂതായിസങ്ങൾ

ഇത് കേൾക്കുമ്പോൾ ആർക്കും അൽഭുതം തോന്നിയേക്കാം. പക്ഷെ, ഒരു വലിയ സത്യം മാത്രമാണ് മേൽപറഞ്ഞത്. അത് കണിശമായും വ്യക്തമായും തെളിയിച്ചുതരാം. മാന്യവായനക്കാർ ക്ഷമയോടെ അത് ശ്രദ്ധ ചെയ്ത് വായിച്ചാൽ മാത്രം മതി.

അബൂഹുറൈറ: സമർത്ഥമായി നെയ്തുണ്ടാക്കിയ ‘അത്തഹിയ്യാത്ത്’ പലരുടെ പേരിലുമായി പ്രചരിപ്പിക്കപ്പെട്ടിട്ടുണ്ടെങ്കിലും അതിലേറ്റവും പ്രസിദ്ധമായത്: ഇബ്നുമസ്ഊദിന്റെ ‘തശഹ്ഹുദ്’ എന്ന പേരിൽ തന്റെ ശിഷ്യന്മാർ പ്രചരിപ്പിച്ചതും ബുഖാരിയും മുസ്ലിമും ഒരുമിച്ച് നിവേദനം ചെയ്തതുമായ അത്തഹിയ്യാത്താണ്. അതേതെന്ന് ശ്രദ്ധിക്കുക. ‘അത്തഹിയ്യാത്തു - ലില്ലാഹി - വസ്സ്വലവാത്തു വത്ത്വയ്യിബാത്തു - അസ്സലാമു അലൈക്ക - അയ്യുഹന്നബിയ്യു - വറഹ്മത്തുല്ലാഹി - വബറക്കാത്തുഹു - അസ്സലാമു - അലൈനാ - വആലാ - ഇബാദില്ലാഹിസ്സ്വാലിഹീൻ - അശ്ഹദു - ആൻലാഇലാഹ ഇല്ലല്ലാഹു - വഅശ്ഹദുഅന്ന മുഹമ്മദൻ - അബ്ദുഹു - വറസൂലുഹു..’

ഇതാണ് പ്രസ്തുത അത്തഹിയ്യാത്ത്. ഇതും നമ്മുടെ ഇടയിൽ പ്രചാരത്തിലുള്ള അത്തഹിയ്യാത്തും തമ്മിൽ അൽപം വ്യത്യാസമുണ്ട്. അത് ശേഷം വിവരിക്കുന്നുമുണ്ട് മുസ്ലിംകളെ പരിഹസിക്കാനും തങ്ങളുടെ ജൂതായിസങ്ങൾ അവരുടെമേൽ അടിച്ചേൽപിക്കാനും വേണ്ടി ജൂതന്മാർ സ്വീകരിക്കാറുള്ള ഏറ്റവും പ്രായോഗികവും തന്ത്രപരവുമായ മാർഗ്ഗം ഗുണവും ദോഷവുമുള്ള ദ്വയാർത്ഥപദങ്ങളും ദ്വയാർത്ഥപ്രയോഗങ്ങളും തെരഞ്ഞെടുത്തുകൊണ്ട് അവയിലെ ദോഷാർത്ഥങ്ങൾ മാത്രം ഉദ്ദേശിക്കുകവഴി മുസ്ലിംകളുടെമേൽ കുതിര കയറുക എന്നതായിരുന്നു. ഇത് ജൂതൻമാരുടെ ഒരു വെടക്ക് സ്വഭാവമാണെന്നും അതിനാൽ മുസ് ലിംകളാരും അത്തരം ദ്വയാർത്ഥ പദങ്ങൾ ഒരിക്കലും പ്രയോഗിക്കരുതെന്നും ഖു: 2:104ലൂടെയും മറ്റും അല്ലാഹു പ്രത്യേകം വിലക്കിയതാണ്. എന്നാൽ മേൽപ്പറഞ്ഞ ജൂതസ്വഭാവമാണ് തന്റെ അത്തഹിയ്യാത്തിലുടനീളം അബൂഹുറൈറ കാട്ടിക്കൂട്ടിയിരിക്കുന്നത്. അതോരോന്നും താഴെ നമ്പറിട്ട് വിവരിക്കുന്നത് ശ്രദ്ധിക്കുക. അബൂഹുറൈറ കെട്ടി



പ്രചരിപ്പിച്ച - മേലുദ്ധരിച്ച അത്തഹിയ്യാത്തിന്റെ തുടക്കത്തിലുള്ള മൂന്ന് പദങ്ങളിൽ തന്നെ ഏറ്റവും കടുത്ത മൂന്ന് ജൂതായിസങ്ങളുണ്ട്. അതായത് : ഖുർആനിനെ മനഃപൂർവ്വം ധിക്കരിച്ചുകൊണ്ടാണ് ആദ്യത്തെ പദം തന്നെ അബൂഹുറൈറ ‘ഫിറ്റ്’ ചെയ്തിരിക്കുന്നത്. കാരണം: നമസ്കാരത്തിൽ തസ്ബീഹ് ചൊല്ലാൻ ‘സുബാഹാനല്ലാ’ എന്ന് പറയാൻ) 19 തവണ ഖുർആൻ നിർദ്ദേശിച്ചതാണ്. അതിലൊരിടത്ത് (50 : 40ൽ) അവസാനത്തെ സുജൂദ് കഴിഞ്ഞ ഉടനെ - അത്തഹിയ്യാത്തിന്റെ സ്ഥാനത്ത് - അത് ചൊല്ലണമെന്ന് പ്രത്യേകം കല്പിച്ചിട്ടുമുണ്ട്. നമസ്കാരത്തിലെ മറ്റൊരിടത്തും ഖുർആൻ അങ്ങിനെ എടുത്ത് പറഞ്ഞിട്ടേയില്ല. ആ നിലക്ക് ‘തശഹ്ഹുദ് ’ആരംഭിക്കേണ്ടത് ‘സുബാഹാനല്ലാഹി’ എന്നത് കൊണ്ടായിരിക്കൽ വളരെ നിർബന്ധമുള്ള കാര്യമാണ്. എന്നിരിക്കെ, ‘സുബ്ഹാനല്ലാ’ എന്ന് പറയാതെ ആദ്യം തന്നെ ‘അത്തഹിയ്യാത്തുലില്ലാഹി’ എന്ന് പറഞ്ഞതും തശഅ്ഹുദിന്റെ അവസാനം വരെ ‘സുബ്ഹാനല്ലാഹി’ എന്നൊരിക്കലെങ്കിലും പറയാതിരുന്നതും മനഃപൂർവ്വം ഖുർആൻ ധിക്കരിക്കാൻ വേണ്ടിയാണെന്നതിൽ സംശയമില്ലല്ലോ.

കൂടാതെ, ‘അത്തഹിയ്യാത്ത്’ എന്ന് പദമാണ് അല്ലാഹുവിലേക്ക് ചേർത്തി പറയുന്നതെങ്കിൽ ‘അത്തഹിയ്യാത്തുമിനല്ലാ’ എന്ന് പറയാനാണ് 24: 61ലും മറ്റും ഖുർആൻ പഠിപ്പിക്കുന്നത് ‘അത്തഹിയ്യാത്തുലില്ലാഹി’ എന്നല്ല. അപ്പോൾ ‘മിനല്ലാഹി’ (അല്ലാഹുവിൽ നിന്നിങ്ങോട്ട്) എന്നതിനുപകരം ‘അത്തഹിയ്യാത്തുലില്ലാഹി’ (അല്ലാഹുവിന്നങ്ങോട്ട്) എന്ന് മറിച്ച് പറഞ്ഞതും ഖുർആനിനോടുള്ള ധിക്കാരം തന്നെയാണെന്നതിൽ സംശയമില്ല. ‘തഹിയ്യത്ത്’ എന്ന് പറഞ്ഞാൽ സലാം (രക്ഷ) എന്നാണർത്ഥം. അതെല്ലാം അല്ലാഹുവിങ്കൽനിന്നിങ്ങോട്ടാണല്ലോ ഉള്ളത്. അപ്രകാരം പറയാനാണ് ഖുർആൻ നമ്മളെ പഠിപ്പിക്കുന്നതും. ഹംദും തസ്ബീഹും മറ്റെല്ലാ ഇബാദത്തുകളും നമ്മിൽ നിന്നങ്ങോട്ടാണെന്നും. അബൂഹുറൈറ: അതിലൊന്നെങ്കിലും വിപരീതമാക്കിപ്പറയാൻ നമ്മളെ പഠിപ്പിച്ചു എന്ന് ചുരുക്കം. താൻ പടിപ്പിച്ചതുമാത്രം നമ്മളെല്ലാവരും ഇന്നേവരെ പഠിക്കുകയും പ്രയോഗവൽക്കരിക്കുകയും ചെയ്തു. ഇനി രണ്ടാമത്തെ പദത്തിലെ ജൂതായിസമെന്തെന്ന് കാണുക. ‘വസ്സ്വലവാത്തു’ എന്നതാണല്ലോ രണ്ടാമത്തെ പദം. (വ) എന്ന സമുച്ചയത്തോടു കൂടി (ഹർഫുൽഅത്ഫ്) പറയുമ്പോൾ അതിനെയും (‘അസ്സ്വലവാത്തുലില്ലാഹി’) എന്ന പൂർണ്ണവാക്യമായിട്ടാണ് കണക്കാക്കുക. ആയതിന്ന് എല്ലാ നമസ്കാരങ്ങളും അല്ലാഹുവിന്ന് എന്നാണ് നമ്മളെല്ലാവരും അർത്ഥം കല്പിക്കാറുള്ളതെങ്കിലും ജൂതഭാഷയിൽ അതിന്റെ അർത്ഥം; ‘എല്ലാ ജൂതപള്ളികളും അല്ലാഹുവിന്ന്.’ എന്ന് മാത്രമാണ്. കാരണം: ജൂതന്മാരുടെ ഹിബ്രുഭാഷയിൽ ‘അസ്സലവാത്തു’ എന്നാൽ

'ജൂതപള്ളികൾ' എന്നാണർത്ഥം. 22 : 40 ജൂതപള്ളികളെപ്പറ്റി പറയേണ്ടിവന്ന പ്പോൾ ഖുർആൻ തന്നെ അതേ അർത്ഥത്തിലാണ് ആ പദം പ്രയാഗിച്ചിട്ടുള്ളതും. അതിനാൽ ഒറ്റ പണ്ഡിതനും മേൽപറഞ്ഞ വസ്തുതയിൽ തർക്കിക്കാൻ സാദ്ധ്യമ ല്ല. അപ്പോൾ പ്രസ്തുത അർത്ഥം മനസ്സിൽ വെച്ചുകൊണ്ടാണ് ജൂതനായ അബൂ ഹുറൈറ: ആ പദം തന്നെ തിരഞ്ഞെടുത്തതെന്ന് വ്യക്തം. നേരെ മറിച്ച് സദുദ്ദേശ മാണ് തനിക്കുണ്ടായിരുന്നതെങ്കിൽ 'അസ്സ്വലവാത്തുലില്ലാഹി' എന്ന് പരിമിതപ്പെ ടുത്തി പറയുന്നതിനുപകരം 'അൽഇബാദാത്തുല്ലാഹി' (സകല ആരാധനകളും അല്ലാ ഹുവിന്ന്) എന്ന് വ്യാപകമാക്കികൊണ്ട്, ഫത്തിഹായിൽ പറഞ്ഞത് പോലെ തൗഹീദിന്റെ പ്രഖ്യാപനമായിരുന്നു, എല്ലാ മുസ് ലിംകളെക്കൊണ്ടും അബൂഹുറൈറ പറയിക്കേണ്ടിയിരുന്നത്. പക്ഷെ, അങ്ങിനെ പറയിക്കാൻ താൻ ഒരു കാലത്തും തയ്യാറായിട്ടില്ലെന്ന് മാത്രമല്ല, തൗഹീദു് - തകർക്കാനാണ് താൻ നിർബ്ബന്ധപൂർവ്വം ശ്രമിച്ചിരുന്നത്. അത് ശേഷം വിവരിക്കുന്നുണ്ട്.

ഇനി മൂന്നാമത്തെ പദം നോക്കുക 'വത്ത്വയ്യിബാത്തു' എന്നതാണല്ലോ അത്. 'എല്ലാ സൽകർമ്മങ്ങളും അല്ലാഹുവിന്ന്' എന്നാണ് മതപുരോഹിതന്മാർ അതിന്നർത്ഥം പറയാറുള്ളതെങ്കിലും ഖുർആനിലോ ഹദീസിലോ അറബി ഭാഷയിലോ ആ പദത്തിന്ന് അങ്ങിനെയൊരർത്ഥം കണ്ടെത്തുക സാദ്ധ്യമല്ല.

'എല്ലാ സൽക്കർമ്മങ്ങളും' എന്ന അർത്ഥത്തിൽ ഖുർആൻ പ്രയോഗിക്കാ റുള്ള ഏകപദം 'അസ്സ്വാലിഹാത്ത് ' എന്ന പദം മാത്രമാണ്. ഖുർആനിൽ 61 സ്ഥലത്ത് പ്രസ്തുത അർത്ഥത്തിൽആ പദം പ്രയോഗിച്ചിട്ടുമുണ്ട്. 'ത്വയ്യിബാത്തു് ' എന്ന പദം.'അൽ' എന്ന പ്രത്യയത്തോടുകൂടെയും അല്ലാതെയുമായി ഖുർആനിൽ ആകെ 21 സ്ഥലത്താണ് പ്രയോഗിച്ചിട്ടുള്ളത്. അവയിൽ ഒരിടത്തും തന്നെ ' സൽക്കർമ്മ ങ്ങൾ' എന്നർത്ഥമല്ല ഉദ്ദേശിച്ചിട്ടുള്ളതെന്ന് സകല ഖുർആൻ വ്യാഖ്യാതാക്കളും മത പുരോഹിതൻമാർപോലും സമ്മതിക്കാൻ നിർബ്ബന്ധിതരാണ്. പിന്നെ എന്താണർത്ഥ മെന്നല്ലെ? 'അത്ത്വയ്യിബാത്ത് ' എന്ന് പറഞ്ഞാൽ നല്ല ഭക്ഷ്യസാധനങ്ങൾ, നല്ല സ്തീകൾ, നല്ല സമ്പാദ്യങ്ങൾ, മറ്റുപഭോഗ വസ്തുക്കൾ എന്നീ നാല് അർത്ഥത്തി ലാണ് ഖുർആനിൽ ആകെ ആ പദം പ്രയോഗിച്ചിട്ടുള്ളത്. അഞ്ചാമതൊരർത്ഥ ത്തിൽ ആ പദം പ്രയോഗിച്ചിട്ടേയില്ല ഇപ്പറഞ്ഞതിലും ഒറ്റ മത പണ്ഡിതനും തർക്കി ക്കാൻ സാദ്ധ്യമല്ല. കാരണം: ഖുർആൻ പഠിച്ചവർക്കിടയിൽ അത്രക്കും തർക്കമറ്റ കാര്യമാണത്. അപ്പോൾ 'അത്ത്വയ്യിബാത്തുലില്ലാഹി' എന്നു പറഞ്ഞാൽ എല്ലാ നല്ല ഭക്ഷ്യസാധനങ്ങളും എല്ലാ നല്ലസ്ത്രീകളും മറ്റും അല്ലാഹുവിന്നുള്ളതാണ്. ('മആ ദല്ലാ') എന്നർത്ഥം മാത്രമാണ് ലഭിക്കുക. അബൂഹുറൈറ:ക്കും അത് നന്നായറിയാ



വുന്ന യാഥാർത്ഥ്യമാണ്. അത്കൊണ്ട് തന്നെയാണ് 'അസ്സ്വാലിഹാത്തു' എന്ന, നല്ല ചേർച്ചയുള്ളതും സാർവ്വത്രികവുമായ പദത്തിന്ന് പകരം ഒട്ടും ചേർച്ചയില്ലാത്ത- ചേർക്കാൻ പാടില്ലാത്ത- 'അത്ത്വയ്യിബാത്ത് ' എന്ന പദം അല്ലാഹുവിങ്കലേക്ക് അബൂ ഹുറൈറ: ചേർത്തിപ്പറഞ്ഞതെന്ന് മുസ്ലിംകളായ നമ്മളെല്ലാവരും ഉറച്ചു വിശ്വസി ക്കേണ്ടിയിരിക്കുന്നു.

മേൽ വിവരിച്ച രൂപത്തിൽ പ്രസ്തുത മൂന്നു പദങ്ങളും അല്ലാഹുവിലേക്ക് വേറെവേറെ ചേർത്തിപ്പറഞ്ഞതിൽ എന്തോ ജൂതായിസമുണ്ടെന്നൂഹിക്കാനെങ്കിലും കഴിഞ്ഞ ബുദ്ധിയുള്ള ചില അഹ് ലുൽ ഹദീസുകാരാണ് ആ മൂന്ന് പദങ്ങൾക്കിട യിൽ നിന്ന് 'വ' എന്ന് 'സമുച്ചയം' മെല്ലെ ഊരികളഞ്ഞുകൊണ്ടും ഒരസാധാരണ ശൈലിയിലൂടെ അതെല്ലാം കൂട്ടിക്കുഴച്ചുകൊണ്ടും താഴെപറയും പ്രകാരമുള്ള മറ്റൊരു അത്തഹിയ്യാത്ത് ഹസ്രത്ത് ഇബ്നു അബ്ബാസിന്റെ പേരിലും മറ്റും പ്രചാര പ്പെടുത്തിയത്.

'അത്തഹിയ്യാത്തുൽ- മുബാറക്കാത്തു- സ്സലവാത്തു- ത്ത്വയ്യിബാത്ത് ' എന്നി ങ്ങനെയാണത്. ഈ രൂപമാണ് ബുഖാരിയുടെ ശിഷ്യൻ മുസ് ലിം നിവേദനം ചെയ്തതും, ശാഫി മദ്ഹബുകാരെല്ലാം അംഗീകരിച്ചതും, കേരളത്തിലെ ഏതാണ്ടെല്ലാ മതഗ്രൂപ്പുകളും അനുവർത്തിച്ചു പോരുന്നതുമായ അത്തഹിയ്യത്തിന്റെ രൂപം.

മേലുദ്ധരിച്ച അത്തഹിയ്യാത്തിന്റെ ഇടയിൽനിന്ന് ( 'വ' ) എന്ന ഘടകാ ക്ഷരം ('ഹർഫുൽഅത്ഫ് ') തട്ടിയപ്പോൾ അർത്ഥം താഴെ വിവരിക്കുംപ്രകാരം ആവുകയും ചെയ്തു. അതായത്: 'എല്ലാ അനുഗൃഹീത തഹിയ്യത്തും- അഥവാ എല്ലാ നമസ്ക്കാരങ്ങളും - എന്നുവെച്ചാൽ: എല്ലാ സൽക്കർമ്മങ്ങളും അല്ലാഹു വിന്നാണ്' എന്നിങ്ങിനെ അവർ ഉദ്ദേശം മാറ്റികൊണ്ടിരിക്കുന്നു. അപ്പോൾ അബൂ ഹുറൈറ: മൂന്നെണ്ണം വെവ്വേറെ പറഞ്ഞതിൽ രണ്ടെണ്ണം പാഴാക്കികൊണ്ടും ഖുർ ആനിലോ ഹദീസിലോ ഒരിടത്തുമില്ലെങ്കിലും പുതിയ ഒരർത്ഥ സങ്കൽപത്തിലൂടെ മൂന്നാമത്തേത് മാത്രം സ്ഥിരപ്പെടുത്തിക്കൊണ്ടും അവർ പ്രശ്നത്തിന്നൊരു നേരിയ പരിഹാരമുണ്ടാക്കി എന്ന് ചുരുക്കം. അത്രക്കും അബൂഹുറൈറ: തെരഞ്ഞെടുത്ത വ്യക്തമായ ജൂത പ്രയോഗങ്ങളിലൊന്നെങ്കിലും ഒഴിവാക്കാനവർക്ക് ധൈര്യം വന്നി ല്ലെന്നല്ലേ ഈ വിക്രിയകളിൽ നിന്നെല്ലാം നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്? എന്നിരുന്നാലും മേൽസൂചിപ്പിച്ച പണ്ഡിതവിഭാഗം അല്പമെങ്കിലും ബുദ്ധി ഉപ യോഗിച്ചെന്ന് നമുക്കാശ്വസിക്കാം. പക്ഷേ അങ്ങിനെയെല്ലാം ചെയ്തിട്ടും ഇടയിൽനിന്ന് ('വ') എന്ന അക്ഷരം തട്ടിയതായി കണ്ടിട്ടും അതിന്റെ കാരണത്തെക്കുറിച്ചൊന്നും

തീരെ ചിന്തിക്കാതെ, വീണ്ടും ആ അക്ഷരം അവിടെത്തന്നെയുണ്ടെന്ന് സങ്കൽപിക്കണമെന്നും അനന്തരം പഴയപോലെത്തന്നെ അതോരോന്നിന്റെയും അർത്ഥം സ്ഥിരപ്പെടുത്തണമെന്നും പറഞ്ഞ ചില അഹ്ലുൽ ഹദീസ് പുരോഹിതരുടെ കാര്യമാണ് വളരെ പരിതാപകരമായിട്ടുള്ളത്.  കാരണം: ഇത്രയും വ്യക്തമായ ജൂതായിസങ്ങളൊന്നും അവർക്കൂഹിക്കാനെങ്കിലും കഴിഞ്ഞില്ലെന്ന് മാത്രമല്ല, മറ്റാരെങ്കിലും അതൂഹിച്ചെടുക്കുകയും അതിനെന്തെങ്കിലും പ്രതിവിധി കണ്ടെത്തുകയും ചെയ്തപ്പോൾ തങ്ങളുടെ അജ്ഞതമൂലം അറബി വ്യാകരണ നിയമംപോലും ലംഘിച്ചുകൊണ്ട് അതിനെ അട്ടിമറിക്കുകയും പഴയ ജൂതായിസങ്ങൾ വീണ്ടും പുനഃസ്ഥാപിക്കുകയുമാണവർ ചെയ്തിരിക്കുന്നത്.  ഇതിലപ്പുറം മടയത്തരം വേറെ വല്ലതുമുണ്ടോ?

## ലോകപ്രചാരം സിദ്ധിച്ച ജൂതായിസം

'അത്തഹിയ്യാത്തി'ൽ ആദ്യംതന്നെ അല്ലാഹുവിനെ മൂന്ന് വിധത്തിൽ പരിഹസിച്ചശേഷം നാലാമതായി അബൂഹുറൈറ:  നമ്മുടെ നബിയുടെ നേർക്ക് തിരിയുന്നത് കാണുക! 'അസ്സലാമു അലൈക്ക അയ്യുഹന്നബിയ്യു' എന്ന് അത്തഹിയ്യാത്തിൽ നിർബ്ബന്ധപൂർവ്വം ചൊല്ലണമെന്നാണല്ലോ താൻ നമ്മളെപഠിപ്പിച്ചിരിക്കുന്നത്.  എന്നാൽ അഭിവാദ്യം ചൊല്ലുമ്പോൾ 'അസ്സലാമു (അൽ-സലാമു അലൈക്കും)' എന്നല്ല 'അൽ' എന്ന പ്രത്യയം പറ്റെ ഉപേക്ഷിച്ചുകൊണ്ട് 'സലാം' എന്ന പദം മാത്രമാണ് എല്ലായ്പ്പോഴും പ്രയോഗിക്കേണ്ടതെന്ന് ഖുർആനിൽ 35 സ്ഥലങ്ങളിലായി വളരെ കണിശതയോടെ അല്ലാഹു പഠിപ്പിച്ചതാണ്.  എന്നിട്ടും ആ 35 ആയത്തുകളെ മുഴുവനും ധിക്കരിച്ചുകൊണ്ട് 'സലാം അലൈക്കും' (സലാമുൻ അലൈക്കും)  എന്ന ഖുർആനിക ശൈലിക്ക് പകരം 'അസ്സലാമു (അൽ-സലാമു) അലൈക്കും' എന്ന ഖുർആൻ വിരുദ്ധ ജൂതശൈലി മാത്രമാണ് അബൂഹുറൈറ:യും തന്റെ താവഴിക്കാരും കൂടി ലോകത്തൊട്ടാകെ പ്രചരിപ്പിച്ചത്.  'അൽ' എന്ന പ്രത്യയമില്ലാതെയാണ് സലാം ചൊല്ലേണ്ടതെന്ന്  ഖുർആനിൽ 35 തവണ പഠിപ്പിക്കുന്നതനിടയിൽ ആ ശൈലി തെറ്റിച്ചുകൊണ്ടാണ് ജൂതന്മാർ നബിയോട് സലാം ചൊല്ലുക പതിവ് എന്ന 58 : 8ൽ ഖുർആൻ പ്രത്യേകം ഉണർത്തിയതാണ്.  അതായത് 'സലാം അലൈക്കും' എന്നതിന്ന് പകരം .'അസ്സലാമു (അൽ-സലാമു) അലൈക്കും' എന്നാണ് നബിയോടും മുസ്ലിംകളോടും അവർ സലാം ചൊല്ലാറുള്ള



തെന്നും 'അൽസലാം' എന്ന പദത്തിൽ നിന്ന് മെല്ലെ 'ലാമ്' വിട്ട് കളഞ്ഞുകൊണ്ട് ('അൽ' എന്ന പ്രത്യയം വിട്ടുകളഞ്ഞുകൊണ്ട്) അസ്സാം = നാശം, ദുർമരണം എന്നാക്കാൻ വേണ്ടിയാണ് അവരങ്ങിനെ ചെയ്യുന്നതെന്നും മറ്റും വ്യക്തമാക്കുന്ന ഹദീസുകൾ ബുഖാരിയും മുസ് ലിം തന്നെ രേഖപ്പെടുത്തി വെച്ചിട്ടുണ്ട്.  മാത്രമല്ല, 'അസ്സലാം' (അൽസലാം) എന്ന പദം ഉച്ചരിക്കുമ്പോൾ 'അത് ധൃതിയിൽ പറയലാണ് സുന്നത്ത്' എന്ന് നബി പ്രത്യേകം ഉണർത്തിയിട്ടുണ്ടെന്നും ജൂതനായ അബൂഹുറൈറ: പ്രചരിപ്പിച്ചിരുന്നു.  (അഹ് മദ്, അബൂദാവൂദ്, തുർമദി, ഹാകിം) എങ്കിലല്ലേ 'ലാമ്' കക്കാൻ സൗകര്യം ലഭിക്കുകയുള്ളൂ.  അപ്പോൾ 'അസ്സലാമു അലൈക്കും' എന്നുള്ളത് 'അസ്സാമു അലൈക്കും' എന്നാക്കുകയും അതിന്റെ അർത്ഥം(എടോ നബീ)-നിനക്കു നാശം; ദുർമരണം, എന്നൊക്കെ ആവുകയും ചെയ്യും.

അപ്പോൾ ഇതെല്ലാം ഈ മതപണ്ഢിതന്മാരുടെ കൺമുമ്പിൽ നൂറ്റാണ്ടുകളായി തെളിഞ്ഞു കിടന്നിട്ടും 'അസ്സലാം'എന്ന് (അഥവാ അസ്സാം എന്ന്)   'ജൂതശൈലിയിലാണ്'  നബിക്ക് സലാം ചൊല്ലേണ്ടതെന്ന് അബൂഹുറൈറ:യും തന്റെ കമ്പനിക്കാരുംകൂടി പഠിപ്പിച്ചപ്പോൾ, അതപ്പടി വാരിവിഴുങ്ങുകയും ഇക്കാലം വരെ അതിനെ സംബന്ധിച്ച് എപ്പോഴെങ്കിലും - ഒരിക്കലെങ്കിലും ചിന്തിക്കാതിരിക്കുകയും ചെയ്ത ആ മതപുരോഹിതൻമാരെപറ്റി സഹതപിക്കുകയും, കുണ്ഠിതപ്പെടുകയുമല്ലാതെ മറ്റെന്താണ് നാം ചെയ്യുക?

## നബിയോട് അസഭ്യം പറയുന്നു !

'അസ്സലാമു അലൈക്ക അയ്യുഹന്നബിയ്യു' എന്ന വാചകത്തിന്ന് 'ബഹുമാനപ്പെട്ട നബിയെ, അങ്ങേക്ക് അല്ലാഹുവിന്റെ രക്ഷയുണ്ടാവട്ടെ.' എന്നർത്ഥമാണ് മുസ്ലിംകളാകുന്ന നമ്മൾ ഉദ്ദേശിക്കാറുള്ളതെങ്കിലും 'അസ്സലാം'(=അൽസലാം)എന്ന പദത്തിലെ (ൽ എന്ന) (ലാമ്) എന്ന അക്ഷരം മുനാഫിഖുകൾ ലോപിപ്പിക്കുന്നതോടെ,('അസ്സാം' എന്നാക്കുന്നതോടെ) പ്രസ്തുത വാചകത്തിന്നവർ ഉദ്ദേശമാക്കാറുള്ളത്.  'എടോ കള്ളനബീ, നിനക്ക് നാശം വരട്ടെ' എന്ന് മാത്രമാണ്.  'പൂജകബഹുവചന' ത്തോടുകൂടി 'അലൈക്കും' (നിങ്ങൾക്ക്) എന്ന് ഖുർആൻ പഠിപ്പിച്ച സാർവ്വത്രികമായ പ്രയോഗത്തിന്ന് പകരം 'അലൈക്ക' (നിനക്ക്) എന്ന ഏകവചനപ്രയോഗം അബൂഹുറൈറ: ഇവിടേക്ക് മാത്രമായി തെരഞ്ഞെടുത്തതും പ്രസ്തുത അസഭ്യാർത്ഥം ഉദ്ദേശിച്ചതിനാലാണെന്ന് വ്യക്തമാണ്.  അതല്ലായിരുന്നുവെങ്കിൽ ലോക

ത്തെല്ലാവരോടും - ഏതൊരു വ്യക്തിയോടും - അലൈക്കും (നിങ്ങൾക്ക്) എന്ന ബഹുമാനസൂചകമായ പദത്തോടുകൂടിയാണ് സലാം ചൊല്ലേണ്ടതെന്ന് ഖുർആനും അബൂഹുറൈറ: തന്നെയും മുമ്പ് പഠിപ്പിച്ചിരിക്കെ, (ബുഖാരി, മുസ്ലിം) നബിയോട് മാത്രം ആ ബഹുമാനപ്രയോഗം പാടില്ലെന്നും, 'അലൈക്ക' (നിനക്ക്) എന്ന് മാത്രം മതി എന്നും വെക്കേണ്ട യാതൊരാവശ്യവും തനിക്കുണ്ടായിരുന്നില്ല, അപ്പോൾ അസഭ്യപ്രയോഗത്തിൽ ആ പൂജക ബഹുവചനം സന്ദർഭോചിതമല്ലെന്ന് തനിക്കറിയാവുന്നത് കൊണ്ട് തന്നെയാണ് താനപ്രകാരം ചെയ്തതെന്ന് നാം ശരിക്കും മനസ്സിലാക്കേണ്ടിയിരിക്കുന്നു. അതായത്: നബിയെ അസഭ്യം പറയുമ്പോഴും അത് സാഹിത്യത്തോടെയായിരിക്കണമെന്ന നിർബ്ബന്ധം അബൂഹുറൈറ: ക്കുണ്ടായിരുന്നുവെന്ന് താല്പര്യം. അറബിസാഹിത്യത്തിലും വ്യാകരണത്തിലും പ്രവീണനായിരുന്നുവല്ലോ അബൂഹുറൈറ:

# മുസ്ലിംകളുടെ സകല നമസ്കാരത്തിലും അബൂഹുറയ്റ: ശിർക്കിന്റെ ബീജം കുത്തിവെച്ചു. !

### തൗഹീദ് പ്രചരണക്കാർ ഏറ്റവുമാദ്യം അറിഞ്ഞിരിക്കേണ്ട ഏറ്റവും വലിയ ജൂതായിസം

എല്ലാ പള്ളികളും അല്ലാഹുവിന്നുള്ളതാണെന്നും അതിനാൽ (അവിടെ വെച്ച് നടത്തപ്പെടുന്ന നമസ്കാരങ്ങളിൽ വിശേഷിച്ചും) അല്ലാഹുവിനെക്കൂടാതെ മറ്റാരേയും വിളിക്കാൻ പാടില്ലെന്നും വി:ഖു: 72 : 18ൽ പ്രത്യേകം പ്രസ്താവിച്ചതാണ്. അതേപ്രകാരം മരിച്ചുപോയ മഹാത്മാക്കാളാരും തന്നെ അവരെ വിളിക്കുന്നതൊന്നും കേൾക്കുകയില്ലെന്നും പത്തിൽപരം സ്ഥലങ്ങളിൽ ഖുർആൻ ആവർത്തിച്ചുവ്യക്തമാക്കിയതുമാണ്. എന്നിട്ടും മരിച്ചുപോയ മഹാത്മാവായ നമ്മുടെ നബിയെ ലോകത്തെവിടെ നിന്ന് വിളിച്ചു സലാം ചൊല്ലിയിരുന്നാലും അതെല്ലാം നബി കേൾക്കുമെന്നും അതിനാൽ സലാം ചൊല്ലപ്പെടുന്ന ആളുടെ പേരെടുത്ത് വിളിച്ചു സലാം ചൊല്ലൽ സാധാരണ പതിവില്ലെങ്കിലും (ഖുർആനിന്റെ വിലക്കിന് കടകവിരുദ്ധമായി) എല്ലാ നമസ്ക്കാരത്തിലും നബിയെ പേരെടുത്ത് വിളിച്ചു കൊണ്ട് തന്നെ, സലാം



ചൊല്ലുകയാണ് വേണ്ടതെന്നും അബൂഹുറൈറ പഠിപ്പിക്കുമ്പോൾ 'ഇസ്തിഗാസ' (മരിച്ച് പോയ മഹാത്മാക്കളെ വിളിച്ചു പ്രാർത്ഥിക്കുക എന്ന ശിർക്കൻ സമ്പ്രദായം) മുസ്ലിംകളിൽ വേരുറപ്പിക്കാൻ കളമൊരുക്കുകയല്ലേ ജൂതനായ അബൂഹുറൈറ: ചെയ്യുന്നത്.

അറിവില്ലാത്ത മുസ്ലിംകളെ ചൂഷണം ചെയ്യാൻ വേണ്ടി ഇസ്തിഗാസ; എന്ന ശിർക്കാചാരം നൂറ്റാണ്ടുകളായി നിലനിർത്തിപോരേണ്ടതിന് ഏറ്റവും വലിയൊരു പ്രമാണമായി സുന്നി - ഷിയാ മതപുരോഹിതൻമാർ പൊക്കി നടക്കാറുള്ളതും അബൂഹുറൈറ: പടച്ചുവിട്ട മേൽപ്പറഞ്ഞ ശിർക്കൻ വിളി മാത്രമായിരുന്നില്ലേ? ആ ശിർക്കൻ വാദക്കാരെ നേരിടാൻ വേണ്ടി നീണ്ട 60 വർഷക്കാലം തപസ്സിരുന്ന് ചിന്തിച്ചിട്ടും സംഘം ചേർന്ന് പഠനം നടത്തിയിട്ടും തങ്ങളുടെ 'ഏറ്റവും മുന്തിയ നിത്യാരാധന' യിൽപോലും അബൂഹുറൈറ: കടത്തിക്കൂട്ടിയ പ്രസ്തുത ശിർക്കിന്റെ ബീജം കണ്ട് പിടിക്കാൻ ഇവിടത്തെ തൌഹീദ് പ്രചാരകൻമാരിൽപെട്ട ഒറ്റ മതപണ്ഡിതനും ഇന്നേവരെ കഴിഞ്ഞില്ലെന്ന് വരുമ്പോൾ അബൂഹുറൈറയുടെ വാറോലകൾ കൊണ്ട് 'മാറോല' പിടിച്ച ഹൃദയങ്ങൾ മാത്രമാണ് അവർക്കുള്ളതെന്നല്ലാതെ മറ്റെന്താണ് നാം പറയുക!

നബി നമസ്കരിച്ചിരുന്ന രൂപം മാത്രമാണ് താൻ പടിപ്പിക്കുന്നതെന്ന് അബൂഹുറൈറ: പ്രചരിപ്പിച്ചിരുന്നത് തനി വ്യാജമാണെന്നതിന്റെ ഏറ്റവും വലിയൊരു തെളിവാണ് മേൽപറഞ്ഞ രൂപത്തിലാണ് നബിയുടെ പേരിൽ സലാം ചൊല്ലേണ്ടതെന്ന് താൻ പഠിപ്പിച്ചത്. കാരണം 'അസ്സലാമു അലൈക്ക അയ്യുഹന്നബിയ്യു' (അല്ലയോ നബിയേ,നിനക്ക് അള്ളാഹുവിന്റെ സലാമുണ്ടാവട്ടെ) എന്ന് നബിയുടെ നമസ്കാരത്തിൽ നബി എങ്ങിനെയാണ് പറയുക? തലക്ക് വെളിവില്ലാത്തവരല്ലെ സ്വന്തം പേരെടുത്ത് വിളിച്ചുകൊണ്ട് തന്നോട് തന്നെ സലാം ചൊല്ലുകയുള്ളു. അപ്പോൾ നബി നമസ്കാരത്തിൽ സലാം ചൊല്ലിയിരുന്നെങ്കിൽ അത് ഖുർആൻ പഠിപ്പിച്ചതനുസരിച്ച് 'സലാമുൻ അലൽ ന്നബിയ്യു' എന്നോ 'സലാമുൻ അലയ്യ' എന്നോ അല്ലാതെ 'അസ്സലാമു അലൈക്കഅയ്യുഹന്നബിയ്യു' എന്നൊരിക്കലുമാവാൻ പാടുള്ളതല്ല. അല്പ ബുദ്ധിക്കാർക്ക്പോലും ബോദ്ധ്യപ്പെടുന്ന കാര്യമാണത്. അതുകൊണ്ടു തന്നെയാണ് 'സലാമുൻ അലന്നബ്ിയ്യി' എന്നാണ് അത്തഹിയ്യാത്തിൽ ചൊല്ലേണ്ടതെന്ന് ഇബ്നു മസ്ഊദിൽനിന്നും ഇബ്നു അബ്ബാസിൽനിന്നും മറ്റും ചിലർ റിപ്പോർട്ട് ചെയ്തതായി ബുഖാരയിലും മറ്റും രേഖപ്പെട്ടുകാണാനിടയായതും. അബൂഹുറൈറ:യുടെ ജൂതശിഷ്യന്മാരാണ് ജൂതശൈലിയുലുള്ള തന്റെ ആ കള്ള ഹദീസ് പതിവുപോലെ ഇബ്നുമസ്ഊദിന്റെയും ഇബ്നു അബ്ബാസിന്റെയും മറ്റും പേരിൽ

കെട്ടിപ്രചരിപ്പിച്ചത്.

മുസ് ലിം ലോകത്തൊട്ടാകെ അത് പ്രചരിക്കാൻ കാരണവുമതാണ്. ഖുർആൻ പഠിപ്പക്കുമ്പോലെയാണ്. ആ ''പുണ്യഅത്തഹിയ്യാത്ത്'' സ്വഹാബികൾക്കു നബി പഠിപ്പിച്ചുകൊടുത്തിരുന്നതെന്നല്ലേ ബുഖാരിയും മുസ്‌ലിമും മറ്റും രേഖപ്പെടുത്തിയിരിക്കുന്നത്. പിന്നെങ്ങിനെയാണതിനെപ്പറ്റി നിരൂപണം നടത്താൻ മതപണ്ഡിതൻമാർക്ക് ധൈര്യം വരിക? എത്രയോ വലിയ പരിഷ്കർത്താക്കളും ഗവേഷകൻമാരും കഴിഞ്ഞുപോയിട്ടും അവരാരും തന്നെ മേൽ വിവരിച്ചതൊന്നും ശ്രദ്ധിക്കാതിരിക്കാൻ കാരണവും മറ്റൊന്നായിരുന്നില്ല. എങ്കിലും നബിയുടെ മരണശേഷം 'സലാമുൻ അല(ൽ)ന്നബിയ്യി' എന്ന (യാതൊരു ശിർക്കും ജൂതായിസവുമില്ലാത്ത) ശൈലിയിലാണ് അത്തഹിയ്യാത്തിൽ ഞങ്ങൾ സലാം ചൊല്ലാറുള്ളതെന്ന ഇബ്നുമസ്ഊദിന്റെ തന്നെ ഹദീസ് ബുഖാരിപോലും രേഖപ്പെടുത്തിവെച്ചിട്ടും ഇക്കാലം വരെ അതൊന്നും തീരെ ശ്രദ്ധിക്കാതെ, മേൽ പറഞ്ഞ ശിർക്കൻ ശൈലി മാത്രം ലോകത്തൊട്ടാകെ പ്രചരിപ്പിച്ച മതപുരോഹിതൻമാർ തികച്ചും ആക്ഷേപാർഹരാണെന്നതിൽ സംശയമില്ല. ആരാധനകളിൽ- പ്രത്യേകിച്ച് നമസ്കാരത്തിൽ- അല്ലാഹുവിനെയല്ലാതെ മറ്റൊരാളെയും ഒരിക്കലും വിളിക്കാൻ പാടില്ലെന്ന് ഖുർആൻ 72:18ൽ നിരുപാധികം വിലക്കിയിരിക്കുമ്പോൾ വിശേഷിച്ചും.

അഭിവാദ്യസ്വരത്തിന്റെ മാതൃക പഠിപ്പിക്കാൻ വേണ്ടി 'സലാം' എന്ന പദം 35 തവണ ആവർത്തിച്ചപ്പോഴെല്ലാം തന്നെ 'അൽ' എന്ന പ്രത്യയം ചേരാതിരിക്കണമെന്ന നിർബ്ബന്ധം ഖുർആനിൽ കാണാൻ കാരണമെന്തെന്നതിനെപ്പറ്റി ഒരിക്കലെങ്കിലും ചിന്തിക്കാൻ ആ പണ്ഡിതൻമാർക്കാർക്കും ഒരു കാലത്തും തോന്നാതിരുന്നതിലാണ് പിന്നെയും നമുക്കൽഭുതമല്ലേ? എന്നാൽ ഒട്ടും അൽഭുതപ്പെടേണ്ടതില്ല. അബൂഹുറൈറ: തനി ജൂതനാണെന്നും ഈ വിക്രിയകളുടെയെല്ലാം പിന്നിൽ തന്റെയും തന്റെ സിയോണിസ്റ്റ് കമ്പനിക്കാരുടെയും ഗൂഢപ്രവർത്തനങ്ങളായിരുന്നു നടന്നിരുന്നതെന്നും മനസ്സിലാക്കാത്ത ഏത് ബഡാആലിമിന്നും 35 തവണയല്ല 350 തവണ തന്നെ ഖുർആൻ ഉണർത്തിയിരുന്നാലും അതൊന്നും തലയിൽ കയറുകയില്ലെന്നത് കേവലം സ്വഭാവികം മാത്രമാണ്. കഴിഞ്ഞുപോയ 13 നൂറ്റാണ്ടുകളുടെ നീണ്ട ചരിത്ര പാരമ്പര്യം അതിന്ന് പൂർണ്ണദൃഷ്ടാന്തവുമാണ്.

മൂസാ നബിയുടെയും ഈസാ നബിയുടെയും ഓരോ സലാമിന്റെ വാചകം യഥാക്രമം 20: 47ലും 19:33ലും ഖുർആൻ ഉദ്ധരിച്ചപ്പോൾ അതിൽ 'അസ്സലാം' എന്നു പ്രയോഗിച്ചു കാണുന്നത് മേൽവിവരിച്ച ഖുർആൻ സിദ്ധാന്തത്തിന്നെതിരാണെന്നാരും തെറ്റിദ്ധരിച്ചു പോകരുത്. കാരണം: അതോരോന്നും ഉദ്ധരണി മാത്രമാണ്. മാതൃകയാക്കാൻ വേണ്ടി പറഞ്ഞതല്ല. ഇനി മാതൃകയാക്കിയാൽതന്നെ അവിടെയുദ്ധരിച്ച രൂപത്തിൽ പറയുമ്പോൾ ഏത് ജൂതനും നല്ലഅർത്ഥമല്ലാതെ ദോഷാർത്ഥം ഉദ്ദേശിക്കാൻ അവിടെ പറ്റുകയുമില്ല.



അത്തഹിയ്യാത്തിലെ ആദ്യത്തെ രണ്ട് വാക്യങ്ങളിലെ, ആറ് ജൂതായിസങ്ങളാണ് ഇതേവരെ വിവരിച്ചത്. ഇനി മൂന്നാം വാക്യം മുതൽക്കുള്ള ജൂതായിസം ശ്രദ്ധിക്കുക.

(7) അസ്സലാമു- അലൈനാ- വഅലാ- ഇബാദില്ലാഹി- സ്സ്വാലിഹീൻ എന്നതാണല്ലോ മൂന്നാമത്തെ വാക്യം. ആ വാക്യത്തിലൂടെ 'അസ്സലാം' എന്ന ഖുർആൻ വിരുദ്ധപ്രയോഗം വീണ്ടും പ്രചാരപ്പെടുത്തുന്നതോടൊപ്പം മരിച്ചുപോയ മഹാത്മാക്കളോട് സലാം ചൊല്ലാമെങ്കിൽ അവരോടെന്തെങ്കിലും സഹായമഭ്യർത്ഥിക്കുന്നതിലോ ശുപാർശക്കാവശ്യപ്പെടുന്നതിലോ തെറ്റില്ലെന്ന വിശ്വാസം മുസ്ലിംകളിൽ വീണ്ടും വളർത്തുകയാണ് എഴാമത്തെ ജൂതായിസം. അതിന്ന് വേണ്ടി മാത്രമാണ് ഭൂമിയിലും ആകാശങ്ങളിലുമുള്ള എല്ലാ മഹാത്മാക്കൾക്കും ആ സലാം എത്തിച്ചരുന്നുണ്ടെന്ന ഒരു വ്യാജവിശദീകരണവും കൂടി ബുഖാരിയിലും മുസ് ലിമിലും മറ്റും രേഖപ്പെടുത്തിവെച്ചിരിക്കുന്നത്.

## അബൂഹുറയ്റ :യുടെ ശഹാദത്തിലും കടുത്ത ജൂതായിസം

(8) അത്തഹിയ്യാത്തിലെ നാലാം വാക്യമായ ''ശഹാദത്ത്കലിമ''യെങ്കിലും തന്റെ ജൂതായിസത്തിൽ നിന്നു രക്ഷപ്പെടുമെന്നായിരിക്കുമല്ലോ നമ്മളെല്ലാവരും പൊതുവെ ധരിക്കുക. എന്നലാൽ ആ ധാരണയും തെറ്റാണെന്നാണ് താഴെ വിവരിക്കുന്നത്. അത് ശ്രദ്ധിക്കുക.

അബൂഹുറൈറ:യുടെ ശഹാദത്തിൽ 'വ- അശ്ഹദു- അന്ന മുഹമ്മദൻ- അബ്ദുഹു- വറസൂലുഹു' എന്നാണ് താൻ സാധാരണ പഠിപ്പിക്കാറുള്ളത്. നേരമറിച്ച് മറ്റുള്ള സ്വഹാബിമാരുടേതിൽ 'വ- അശ്ഹദു- അന്ന മുഹമ്മദൻ- റസൂലുല്ലാഹി' എന്നാണ് പറയാറ് പതിവ്. അങ്ങിനെ തന്നെയാണ് പറയേണ്ടതും. കാരണം: 'മുഹമ്മദുൻ- റസൂലുല്ലാഹി' എന്ന് പറയുമ്പോൾ നബി തിരുമേനി അല്ലാഹുവിന്റെ സത്യദൂതനാണെന്നു വ്യക്മാക്കി പറയുകയാണല്ലോ നാം ചെയ്യുന്നത്. എന്നാൽ 'അല്ലാഹു' എന്ന നാമം വ്യക്തമാക്കാതെ, 'അബ്ദുഹു- വറസൂലുഹു' എന്ന സർവ്വ

നാമ പ്രയോഗത്തിലൂടെ പറയുമ്പോൾ അല്ലാഹുവിന്റെ ദൂതനാണെന്ന് വ്യകമാക്കി പ്രഖാപിക്കൽ അതിൽ വരുന്നില്ല. എന്ന് മാത്രമല്ല, ഒരു പൂർണ്ണവാക്യത്തിൽ സർവ്വനാമം വന്നാൽ, ആ സർവ്വനാമത്തിന്ന് തൊട്ടുമുമ്പുള്ള വർഗ്ഗത്തിലൊത്ത - നാമം കൊണ്ടെന്താണുദ്ദേശിക്കുന്നതെങ്കിൽ അത് തന്നെയാണ് ആ സർവ്വനാമംകൊണ്ടും ഉദ്ദേശിക്കേണ്ടതെന്ന പൊതുവായ വ്യാകരണ നിയമപ്രകാരം 'വ - അശ്ഹദു - അന്ന മുഹമ്മദൻ- അബ്ദുഹു - വറസൂലുഹു' 'എന്നതിന്നു മുഹമ്മദ് അവന്റെ തന്നെ അടിമയും അവന്റെ തന്നെ ദൂതനുമാണെന്ന്' മാത്രമാണ് ജൂതൻമാർ ആലങ്കാരിക മായി അർത്ഥം കല്പിക്കുക. അതായത് :മുഹമ്മദ് ദൈവകൽപന അനുസരിക്കു ന്നവനോ, ദിവ്യദൗത്യം ലഭിച്ചവനോ ആയ ഒരു ദൈവദൂതനല്ലെന്നും, നേരെ മറിച്ച് തന്നിഷ്ടപ്രകാരം പ്രവർത്തിക്കുന്നവനും(താൻ തന്റെ ദാസൻ) തന്നിഷ്ട പ്രകാരം പറയുന്നവനും(താൻ തന്റെ ദൂതൻ) ആയ ഒരു കള്ളവാദി മാത്രമാണെന്നുമുള്ള അർത്ഥം കൽപ്പിക്കാൻവേണ്ടി ജൂതനായ അബൂഹുറൈറ: മനഃപൂർവ്വം കെട്ടി യുണ്ടാക്കിയ ഒരു ജൂതപ്രയോഗമാണെതെന്ന് താൽപര്യം.

മേൽപറഞ്ഞ ജൂതലക്ഷ്യം അബൂഹുറൈറക്കില്ലായിരുന്നുവെങ്കിൽ 'അബ്ദുഹു വറസൂലുഹു' എന്ന ഇരട്ടപ്രയോഗത്തിന്ന് പകരം, സാധാരണ മുസ് ലിംകളെല്ലാം പറയാറുള്ളതുപോലെ 'റസൂലുല്ലാഹി'(അല്ലാഹുവിന്റെ റസൂൽ) എന്ന ഒറ്റപ്രയോഗം തന്നെ ധാരാളം മതിയായിരുന്നു. ഇനി അക്ഷരലാഭത്തിന്ന് വേണ്ടി യാണ് 'അബ്ദുല്ലാഹി - വറസൂലുഹു' എന്ന് പറയാതെ 'അബ്ദുഹു - വറസൂലുഹു' എന്നു പറഞ്ഞതെങ്കിൽ 'വ - അശ്ഹദു അന്ന - മുഹമ്മദൻ' എന്ന് വാചകത്തിലെ 'അശ്ഹദൂ' എന്ന പദം ഒഴിവാക്കലായിരുന്നു കൂടുതൽ ലാഭകരമായിരുന്നത്. അതേ സമയം അർത്ഥത്തിൽ യാതൊരു കുറവുമുണ്ടായിരുന്നല്ലതാനും. എന്ന് മാത്രമല്ല 'വ അന്ന മുഹമ്മദൻ- റസൂലുല്ലാഹി ' എന്ന് പറയുമ്പോൾ ഒറ്റ ജൂതന്നും അവിടെ ഒരു തെറ്റായ അർത്ഥം, സങ്കൽപിക്കാൻപോലും സാദ്ധ്യമല്ല.

**അപ്പോൾ ദ്വയാർത്ഥമുള്ള പ്രയോഗങ്ങളിലൂടെ തെറ്റായ അർഥം ഉദ്ദേശിക്കലാണ് ജൂതൻമാരുടെ ഹോബി എന്ന് ഖുർആനും നബിവചനവും നമ്മെ പഠിപ്പിക്കുമ്പോൾ, ജൂതനായ അബൂഹുറൈറ:യിൽ നിന്ന് ആ സ്വഭാവം തുടർച്ചയായി കാണപ്പെടുകയും ചെയ്യുമ്പോൾ, ഇവിടെ മാത്രം തനിക്കാ ഉദ്ദേശമില്ലെന്ന് വെക്കാൻ നിർവ്വാഹമില്ല. അക്കാ ലത്തെ ജൂത പുരോഹിതൻമാരെല്ലാം നമ്മുടെ നബിയെപറ്റി "കള്ളനബി" യാണെന്ന് പ്രചരിപ്പിച്ചിരുന്നുവെന്നറിയുമ്പോൾ വിശേഷിച്ചും.**



സത്യമായും നബി പറഞ്ഞതു തന്നെയാണെന്ന് തോന്നിപ്പിയ്ക്കും വിധം അറ ബിഭാഷമൊണ്ട് ചെപ്പും പന്തും കളിച്ച അബൂഹുറൈറയുടെ വ്യാജ ഹദീസുക ളിൽപോലും അയാളുടെ ദുരുദ്ദേശം വ്യക്തമാക്കുന്ന ചില "ലൂപ് ഹോളുകൾ" അല്ലാഹു സ്വഷ്ടിച്ചിരിയ്ക്കുന്നത് കണ്ടോ? ആ ലൂപ്ഹോളുകളും പരസ്പര വൈരു ദ്ധ്യങ്ങളും ഖുർആൻ നിഷേധവുമാണ് അബൂഹുറൈറ ജൂത മുനാഫിഖാണെന്ന് തെളി യിക്കുവാൻ എന്നെ സഹായിച്ച സുപ്രധാന വസ്തുതകളിൽ ചിലത്. അതെല്ലാം ഈയുള്ളവന്റെ ശ്രദ്ധയിൽപെടുത്തിത്തന്ന സർവ്വജ്ഞനായ അല്ലാഹുവിന് സ്തുതി!

# സ്വലാത്തിൽ മൂന്ന് ജൂതായിസങ്ങൾ

(9,10,11) നബിയുടെ പേരിൽ സ്വലാത്ത് ചൊല്ലുമ്പോൾ നബിയുടെ "ആലി"നെയും (കുടുംബത്തെയും) കൂടി ഉൾപ്പെടുത്തിയിട്ടാണല്ലോ ഹദീസ് ഗ്രന്ഥങ്ങളിൽ സാധാ രണ കാണാറുള്ളത്. എന്നാൽ അതിൽ നിന്നെല്ലാം വ്യത്യസ്തമായി അബൂഹുറൈ റ:യുടെ സ്വലാത്തിൽ 'ആലി' നെ പറ്റേ ഒഴിവാക്കിക്കൊണ്ടും വേറെ രണ്ട് ജൂതായിസ ങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ടുമാണ് ഹദീസ് ഗ്രന്ഥങ്ങളിൽ നമുക്ക് കാണാൻ കഴിയുന്നത്. തന്റെ ആ സ്വലാത്ത് ഏതാണെന്ന് ശ്രദ്ധിക്കുക.
അല്ലാഹുമ്മ - സ്വല്ലി - അലന്നബിയ്യിൽ ഉമ്മിയ്യി - വഅലാഅസ് വാജിഹി - വദുർറിയ്യ ത്തിഹീ - വഅഹ്ലിബൈത്തിഹി - കമാ - സ്വല്ലയ്ത്ത - അലാആലി-ഇബ്റാഹീമ - ....! ഇതാണ് ആ സ്വലാത്ത്. ഇതിൽ നബിയുടെകുടുംബത്തിനെ - 'ആലി' നെ - ഒഴിവാ ക്കിയതിന്ന് പുറമെ, അല്ലാഹുവോ, റസൂലോ ഒരിക്കലും കൂട്ടിപ്പറയാൻ കല്പിച്ചിട്ടി ല്ലാത്തതും സ്വഹാബിമാരാരും അക്കാലം വരെ കൂട്ടിപ്പറയാത്തതുമായ 'അൽ ഉമ്മിയ്യ' (നിരക്ഷരകുക്ഷി) എന്ന വിശേഷണം സ്വലാത്തിൽ കൂട്ടിപ്പറയാൻ പഠിപ്പിച്ചതാണ്, അബൂഹുറൈറയുടെ സ്വലാത്തിലെ രണ്ടാമത്തെ ജൂതായിസം. മുസ്ലിംകൾ അക്ഷ രാഭ്യാസം ശീലിക്കുന്നത് 'നബിചര്യ' ക്കെതിരാണെന്ന് അവരെ വിശ്വസിപ്പിക്കലും കാലാ കാലങ്ങളിൽ അവരെ അതോർമ്മിപ്പിച്ചു കൊണ്ടിരിക്കലുമായിരുന്നു തനിക്കതിലു ണ്ടായിരുന്ന ജൂതലക്ഷ്യം. മേൽപറഞ്ഞ രണ്ട് ജൂതായിസത്തിന്റെയും പൂർണ്ണ തെളി വുകൾ "അബൂഹുറൈറ:യുടെ തനിനിറം" എന്ന എന്റെ ഗ്രന്ഥത്തിലെ 8 - ാം അദ്ധ്യാ യത്തിൽ വിശദമായി വിവരിച്ചതിനാൽ ഇവിടെ അതാവർത്തിക്കുന്നില്ല. പക്ഷെ, ഒരു കാര്യം പറയട്ടെ. 100 കോടിയിലധികം മുസ്ലിംകൾ ഇന്ന് ലോകത്തുണ്ട്. വിജ്ഞാ

നമേഖലയിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ച എത്രപേരുണ്ട് അവരിൽ? ഫിസിക്സിനുള്ള നോബൽ സമ്മാനം ഒരിക്കൽ രണ്ടുപേർക്ക് വീതിച്ചുകൊടുത്തതില്, ഒരാൾ മുസ്ലിമാണെന്നും അല്ലെന്നും തർക്കമുള്ള ഒരു ഖാദിയാനി മുസ്‌ലിമായിരുന്നുവത്രെ. അപ്പോൾ ഒരു യഥാർത്ഥ മുസ്‌ലിമിന്ന് ഇന്നുവരെ നോബൽസമ്മാനം കിട്ടിയിട്ടില്ലെന്ന് താല്പര്യം. കേരളത്തിൽ ഒരൊറ്റ മുസ് ലിമെങ്കിലും ഐ.സി.എസ്സോ., ഐ.എ.എസ്സോ എഴുതിയെടുത്തുവോ? അക്ഷരാഭ്യാസംപോലും മതപരമായ കടമയല്ല എന്ന് അബൂഹുറൈറ വരുത്തിത്തീർത്തതാണ് അതിനുള്ള അടിസ്ഥാന കാരണം. യഥാർത്ഥത്തിൽ അക്ഷരാഭ്യാസം ഒന്നാമത്തെ ഇസ് ലാം കാര്യമാണെന്ന് ഖുർആൻ പഠിച്ചവർക്കറിയാം.

അബൂഹുറൈറ തന്റെ സ്വലാത്തിൽ നിന്ന് 'വ അലാആലിഹി' എന്ന പദം ഒഴിവാക്കിയത് പോലെ 'കമാ സ്വല്ലൈത്ത-അലാഇബ് റാഹീമ-വ അലാ-ആലി ഇബ്റാഹീമ' എന്ന വാചകത്തിൽ നിന്ന് 'വ അലാഇബ്രാഹീമ' എന്ന പദവും ഒഴിവാക്കിയിരിക്കുന്നു. അല്ലാഹുനമ്മുടെ നബിക്ക് "സ്വലാത്ത്"(അനുഗ്രഹം) ചെയ്യുന്നത് ഇബ്രാഹിം നബിക്ക് ചെയ്തുകൊടുത്ത അനുഗ്രഹത്തേക്കാൾ അധികമാവരുതെന്ന് മാത്രമല്ല, ഇബ്രാഹിം നബിയുടെ കുടുംബത്തിന് ചെയ്തതിനേക്കാൾ പോലും കവിഞ്ഞുപോകരുതെന്ന സൂചനയിൽ അല്ലാഹുവിന്റെ മുമ്പിൽ അനാവശ്യവും ധിക്കാരപരവുമായ ഒരു പരിധി ചൂണ്ടിക്കാണിച്ചു കൊടുക്കുക എന്നതാണ് തന്റെ സ്വലാത്തിലെ മൂന്നാമത്തെ ജൂതായിസം. ഇബ്രാഹിംനബിയുടെ കുടുംബത്തെ (അവരിൽ ജൂതൻമാരുൾപെടും) എടുത്ത് പറഞ്ഞിട്ടും നമ്മുടെ നബിയുടെ കുടുംബത്തെ പറയാതിരുന്നതിലുള്ള ജൂത മനോഭാവവും ശ്രദ്ധേയമാണ്.

അബൂഹുറൈറയുടെ മേൽ പറഞ്ഞ സ്വലാത്തിൽ- "ഇബ്രാഹീമിയ്യാ" സ്വലാത്തിൽ-മേൽ വിവരിച്ച രൂപത്തിൽ നമ്മുടെ നബി തരം താഴ്ത്തപ്പെടുന്നുണ്ടെന്ന് വ്യക്തമായതിനാലാണ് പല അഹ് ലൂൽ ഹദീസ് നേതാക്കളും അതിന് പല വിധത്തിലും മറുപടി പറഞ്ഞൊപ്പിക്കാൻ നിർബ്ബന്ധിതരായത്. അങ്ങിനെ ബുഖാരിയുടെയും മുസ്‌ലിമിന്റെയും മറ്റും വ്യാഖ്യാന ഗ്രന്ഥങ്ങളിൽ പതിനഞ്ചോളം മറുപടികൾ അവർ കുത്തിക്കുറിച്ചെങ്കിലും അവയിലൊന്ന് പോലും ഒരു മറുപടിയായി ഗണിക്കാൻ പറ്റിയതല്ല. അതെല്ലാം തന്നെ അത്രയ്ക്കും ബാലിശങ്ങളും അർത്ഥശൂന്യങ്ങളുമാണെന്ന് താല്പര്യം. ഒരു ജൂതൻ നമ്മുടെ നബിയെ മനപൂർവ്വം തരം താഴ്ത്താൻ വേണ്ടി ചെയ്ത "വേല", തരം താഴ്ത്താത്തരൂപത്തിലാക്കൽ അത്ര എളുപ്പമുള്ള കാര്യമല്ല.



അബൂഹുറൈറ:യുടെ ജൂതായിസം മനസ്സിലാക്കാത്തവരും ഇബ്രാഹിം നബിയുടെയത്രയെങ്കിലും പദവി നമ്മുടെ നബിക്കും ലഭിക്കണമെന്നാഗ്രഹമുള്ളവരുമാണ് അബൂഹുറൈറ: വിട്ടുകളഞ്ഞതും കൂടി കൂട്ടിചേർത്ത് കൊണ്ട് 'കമാ-സ്വല്ലൈത്ത അലാ-ഇബ്റാഹീമ-വഅലാ- ആലി ഇബ്റാഹീമ-' എന്നിങ്ങനെ ചിലപ്പോൾ റിപ്പോർട്ട് ചെയ്തത്. അതും ബുഖാരിയിൽതന്നെയുണ്ട്.

ഇബ്രാഹീം നബിയുടെയത്രയോ തന്റെ കുടുംബത്തിൽപെട്ട മറ്റ് പ്രവാചകൻമാരുടെയത്രയോ പദവിയെത്തിയ ഒരു മഹാനൊന്നുമല്ല നമ്മുടെ നബിയെന്ന് വരുത്തിത്തീർക്കലായിരുന്നു മേൽ കാട്ടിക്കൂട്ടിയതിന്റെ പിന്നിൽ അബൂഹുറൈറക്കുണ്ടായിരുന്ന ജൂതലക്ഷ്യം. അതേസമയം ജൂതന്മാരുടെ പ്രവാചകനായ മൂസാ നബി നമ്മുടെ നബിയെക്കാളും ഇബ്രാഹിം നബിയെക്കാളുമൊക്കെ ഉന്നതനാണെന്ന് സമർത്ഥിക്കാനായി ധാരാളം കള്ളഹദീസുകൾ താൻ നെയ്തുണ്ടാക്കിയത് ബുഖാരിയിലും, മുസ്‌ലിമിലും മറ്റുമുണ്ട് താനും.

മൂസാനബി ഓരാട്ടിടയനായി ജോലിചെയ്തിരുന്നു എന്ന ചരിത്രവസ്തുത സന്ദർഭവശാൽ ഖുർആൻ വെളിവാക്കിയെന്ന ഏക കാരണത്താൽ ലോകത്തിലെ സകല പ്രവാചകൻമാരും - രാജപുത്രൻമാരായിരുന്നവരടക്കം- ആട്ടിടയൻമാരായിരുന്നുവെന്നും മുഹമ്മദ്നബിയും ഒരാട്ടിടയൻതന്നെയായിരുന്നുവെന്നും മാത്രമല്ല, വെറും "ഖറാരീത്വി"ന്ന് (ചില്ലിക്കാശിന്ന്) വേണ്ടി മക്കക്കാരുടെ ആടുകളെ നോക്കലായിരുന്നു തന്റെ തൊഴിലെന്നും (ബുഖാരി) ലോകത്താദ്യമായി കെട്ടിപ്രചരിപ്പിച്ച അതിനീചനും നികൃഷ്ടനുമായ ജൂതനാണ് കഥാപുരുഷനായ അബൂഹുറൈറ: എന്ന കടുത്ത സത്യം മുസ് ലിംകളായ നാം ഒരു കാലത്തും മറന്ന് പോവരുത്.

നമ്മുടെ നബി, കേവലം ഒരാട്ടിടയനായിരുന്നുവെന്ന കള്ളച്ചരിത്രം ലോകത്തൊട്ടാകെ പ്രചരിക്കാൻ കാരണമായതും അബൂഹുറൈറയുടെ താവഴിക്കാരായ സകല ചരിത്രകാരൻമാരും തങ്ങളുടെ ചരിത്രഗ്രന്ഥങ്ങളിൽ അതെഴുതിവെക്കാനിടയായതുമൊക്കെ, അബൂഹുറൈറ: എന്ന ഏക ജൂതന്റെ ആ കള്ള പ്രചരണം മൂലം മാത്രമാണെന്ന സത്യവും നാമെല്ലാവരും ശരിക്കും അറിഞ്ഞിരിക്കേണ്ടതാണ്.

അബൂഹുറൈറ: പഠിപ്പിച്ച അത്തഹിയ്യാത്തിന്റെ അവസാന ഭാഗമാണിനി വിവരിക്കാനുള്ളത്.

'അല്ലാഹുമ്മ - ഇന്നീ - അഊദുബിക്ക - മിൻ അദാബിൽ ഖബ്‌രി - വ മിൻ - അദാബിന്നാരി - വമിൻ ഫിത്‌നത്തിൽ മഹ്‌യാ - വ - മമാത്തീ - വ മിൻ - ഫിത്‌നത്തിൽ മസീഹിദ്ദജ്ജാൽ -'

ഇതാണാഭാഗം. ഇതിൽപറഞ്ഞ നാല് കാര്യങ്ങളിൽ മൂന്നും ജൂതായിസങ്ങളാണെന്നതിൽ സംശയമില്ല. അതെന്തൊക്കെ എന്ന് ശ്രദ്ധിക്കുക.

12. ഖബ്‌ർ ശിക്ഷയിൽനിന്ന് ശരണം തേടിക്കൊണ്ടുള്ളതാണല്ലോ ഒന്നാമത്തെ പ്രാർത്ഥന. അങ്ങിനെ ഒരു ശിക്ഷതന്നെ അല്ലാഹു നിശ്ചയിച്ചിട്ടില്ലെന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്. കാരണം: പരലോകത്ത് വെച്ചുള്ള വിചാരണക്ക് ശേഷമാണ് സുകൃതവാൻമാരെയും കുറ്റവാളികളേയും വേർതിരിക്കുക എന്നും അതിന്ന് ശേഷമാണ് രക്ഷാശിക്ഷകളൊക്കെ നൽകുകയെന്നുമാണ് ഖുർആനിൽ ആവർത്തിച്ചു വിവരിക്കുന്നത്. എന്നിരിക്കുമ്പോൾ വിചാരണയും വകതിരിക്കലുമെല്ലാം നടക്കുന്നതിന്ന്മുമ്പ് തന്നെ, ഖബ്‌റിൽവെച്ച് ഒരു "ലോക്കപ്പ് മർദ്ദന"മുണ്ടെന്ന വിശ്വാസം അല്ലാഹുവിന്റെ നീതിയിലുള്ള അവിശ്വാസം മാത്രമാണ്. അത് ജൂതന്മാർ കെട്ടിപ്രചരിപ്പിച്ച അന്ധവിശ്വാസവുമാണ്. അതിനാൽ മുസ്‌ലിംകൾക്കാ അന്ധവിശ്വാസം വെച്ചു പുലർത്താൻ പാടുള്ളതല്ല.

13. ഓരോ മനുഷ്യന്റെയും ജനനസമയത്തും മരണസമയത്തും പിശാച് എന്തൊക്കെയോ കുഴപ്പമുണ്ടാക്കുമെന്ന (ബുഖാരി) അബൂഹുറൈറ;യുടെ കള്ളപ്രചരണംമൂലമുള്ള അന്ധവിശ്വാസം മുസ്ലിംകളിൽ അരക്കിട്ടുറപ്പിക്കാനും തദ്വാരാ ഒറ്റ മുസ് ലിമും മനസ്സമാധാനത്തോടുകൂടി മരിക്കാതിരിക്കാനും വേണ്ടി, നിത്യേനയുള്ള എല്ലാ നമസ്ക്കാരങ്ങളിലും ആ പ്രശ്നം ഓർമ്മിപ്പിച്ചുകൊണ്ടിരിക്കുക എന്നതാണ് മേലുദ്ധരിച്ച പ്രാർത്ഥനയിലെ രണ്ടാമത്തെ ജൂതായിസം.

"എന്റെ ജീവിതവും എന്റെ മരണവുമൊക്കെ അല്ലാഹുവിന്ന് വേണ്ടിയാണ്" എന്ന തൗഹീദിന്റ് ലക്ഷ്യം പ്രഖ്യാപിക്കാൻവേണ്ടി ഖു: 6 : 162ൽ അല്ലാഹു പ്രത്യേകം കല്പിച്ചപ്പോൾ അതൊരിക്കലും പറയേണ്ടതില്ലെന്നും മറിച്ച് ഓരോരുത്തരും ജീവിക്കുമ്പോഴും മരിക്കുമ്പോഴുമുള്ള (പിശാചിന്റെ) കുഴപ്പത്തെപ്പറ്റിയാണ് എല്ലാ ഓരോ നമസ്ക്കാരത്തിലും എല്ലാവരും പറയേണ്ടതെന്നുമാണ് അബൂഹുറൈറ: കല്പിച്ചതെന്ന് നാം പ്രത്യേകം ശ്രദ്ധിക്കുക.

14. "ഈസാനബി കള്ളവാദിയാണെന്ന" ജൂതൻമാരുടെ കള്ളപ്രചരണം



ഒരു മുദ്രാവാക്യമെന്നോണം മുസ്ലിംകളെക്കൊണ്ട് അവരറിയാതെ അവരുടെ എല്ലാ നമസ്ക്കാരത്തിലും കാലാകാലം ചൊല്ലിക്കാൻവേണ്ടി "ദജ്ജാലിന്റെ ഫിത്ത്നയിൽ നിന്ന് രക്ഷിക്കണ"മെന്ന് പറയുന്നതിന് പകരം ഈസാനബിയുടെ മാത്രം പേരായി ഖുർആനിൽ 12 സ്ഥലത്ത് പരിചയപ്പെടുത്തിത്തന്ന "അൽമസീഹി"നെ കൂട്ടിച്ചേർത്ത്കൊണ്ട് "അൽ - മസീഹിദ് ദജ്ജാലി"ന്റെ ഫിത്ത്നയിൽനിന്ന് (ഉപദ്രവത്തിൽ നിന്ന്) രക്ഷിക്കണമെന്ന ജൂത പ്രാർത്ഥനയോടെ മേലുദ്ധരിച്ച പ്രാർത്ഥന അവസാനിപ്പിച്ചതാണ് അതിലുള്ള ഏറ്റവും വ്യക്തവും നമുക്കേറ്റവും ലജ്ജാവഹവുമായ ജൂതായിസം. "അൽ - മസീഹ്" എന്ന പദത്തിന്റെ അർത്ഥം 'സഞ്ചാരി' എന്നാണെന്നും അതിനാൽ ദജ്ജാലിന്റെ വ്ശേഷണമാണതെന്നുമാണ് ചിലർ പറയാറുള്ളത്. അറബിഭാഷാ വ്യാകരണത്തെപ്പറ്റി അല്പമെങ്കിലും വിവരമില്ലാത്തവരാണപ്പറയുന്നവരെന്നതിൽ സംശയമില്ല. കാരണം: അറബി വ്യാകരണനിയമപ്രകാരം യാതൊരു കാരണവശാലും വിശേഷണം മുന്നിൽ പറയാൻ പാടുള്ളതല്ല. അഥവാ ഇത്തരം വാചകങ്ങളിൽ മുന്നിലുള്ളത് "വിശേഷ്യ"യാണെന്ന് വെക്കൽ നിർബ്ബന്ധമാണെന്ന് താല്പര്യം. അപ്പോൾ അൽ - മസീഹ് എന്നത് ദജ്ജാലിന്റെ വിശേഷണമാക്കണമെങ്കിൽ 'വ മിൻ - ഫിത്‌നത്തിദജ്ജാലിൽ മസീഹു് ' എന്ന് മാത്രമേ പറയാൻ പാടുണ്ടായിരുന്നുള്ളു. എന്നാൽ അങ്ങിനെ പറയാൻ അബൂഹുറൈറ: ഒരിക്കലും സമ്മതിച്ചിട്ടുമില്ല. ഇനി 'അൽ' എന്ന പ്രത്യയമില്ലാതെ ('അൽമസീഹ് ' എന്നതിന്നു പകരം 'മസീഹു് ' എന്നുമാത്രം പറഞ്ഞുകൊണ്ട് ) 'വമിൻഫിത്‌നത്തി മസീഹിദജ്ജാൽ എന്നാണ് പറഞ്ഞിരുന്നതെങ്കിൽ മറ്റൊരു സങ്കൽപത്തിലൂടെ 'മസീഹ് ' 'വിശേഷ്യ' യല്ല, 'വിശേഷണ' മാണെന്നു വാദിക്കാമായിരുന്നു. പക്ഷെ, അങ്ങിനെ പറയാനും അബൂഹുറൈറ: ഒരിക്കലും തയ്യാറായിട്ടില്ല.

ചുരുക്കത്തിൽ 'വ മിൻ ഫിത്‌നത്തിദ്ദജ്ജാൽ', വമിൻ ഫിത്‌നത്തി ദ്ദജ്ജാലിൽ മസീഹ്, വമിൻ ഫിത്‌നത്തി - മസീഹിദജ്ജാൽ - എന്നീ മൂന്ന് രൂപത്തിൽ പറഞ്ഞിരുന്നാലും ഉദ്ദേശം ദജ്ജാലാണെന്ന് മാത്രമേ വന്നിരുന്നുള്ളൂ. പക്ഷെ, 'മസീഹ്' എന്ന പദത്തോട് 'അൽ' എന്ന പ്രത്യയം ചേർത്തിക്കൊണ്ട് 'വ മിൻ - ഫിത്‌നത്തിൽമസീഹിദ്ദജ്ജാൽ' എന്നിങ്ങനെ 'അൽമസീഹി'നെ വിശേഷ്യയാക്കി (മുന്നിലാക്കി)ത്തന്നെ പറയണമെന്ന് അബൂഹുറൈറ: പഠിപ്പിച്ചത് മൂലം പെരുങ്കള്ളനായ ഈസാനബി എന്നല്ലാതെ, അതിനർത്ഥമാക്കാൻ പറ്റുകയില്ല. അത്കൊണ്ട് തന്നെയാണ് ആദ്യം പറഞ്ഞ മൂന്ന് രൂപവും പാടില്ലെന്നും ഈ നാലാമത്തെ രൂപത്തിൽതന്നെ പറയണമെന്നും താൻ ശാഠ്യം പിടിക്കാൻ കാരണവും.

അബൂഹുറൈറയുടെ അത്തഹിയ്യാത്തിൽ താൻ സമർത്ഥമായി കോർത്തിണക്കിയ 14 ജൂതായിസങ്ങളാണ് ഇതേവരെ നാം വിവരിച്ചത്. ഇത്രയേറെ ജൂതായിസങ്ങളടങ്ങിയ ഒരുനീണ്ട അത്തഹിയ്യാത്ത് നെയ്തുണ്ടാക്കിയ അബൂഹുറൈറ: അത്തഹിയ്യാത്തിന്റെ സ്ഥാനത്ത് ചൊല്ലാനായി ഖുർആൻ പ്രത്യേകം കൽപിച്ചിരുന്ന തസ്ബീഹിന്റെ ഒരു ചെറിയ വാചകമെങ്കിലും അതിൽ ഉൾക്കൊള്ളിക്കാതിരുന്നത് പതിനഞ്ചാമത്തേതായി താൻ കാണിച്ച ഏറ്റവും വലിയൊരു ജൂതായിസമാണെന്നതിലും ഖലീഫാഉമർ വെളിപ്പെടുത്തിയത് പോലെയും, ഇതേ വരെ നാം വിവരിച്ചത്പോലെയും ഖുർആനിനോട് താൻ കാണിക്കുന്ന ഏറ്റവും കടുത്തൊരു ധിക്കാരമാണെന്നതിലും സംശയമില്ല. മേൽ വിവരിച്ച 15 ജൂതായിസങ്ങളടങ്ങിയ അത്തഹിയ്യാത്ത് മുസ്ലിംകളെകൊണ്ട് നിർബ്ബന്ധപൂർവ്വം ചൊല്ലിപ്പിച്ച ശേഷം ഖുർആനിലെ 35 ആയത്തുകൾക്ക് കടകവിരുദ്ധമായ ''അസ്സലാമു അലൈക്കും'' എന്ന ജൂതശൈലിയിൽ വലത്തോട്ടും ഇടത്തോട്ടും തിരിഞ്ഞുകൊണ്ട് (ആ പ്രദേശത്തൊന്നും ഒറ്റ ജീവിയുമില്ലെങ്കിലും ശരി) ആരോടെന്നോ എന്തിനെന്നോ ഉള്ള യാതൊരു ലക്ഷ്യവുമില്ലാതെ, കേവലം ജൂതസലാമിന്റെ അനുസ്യൂതമായ പ്രചാരണത്തിന് വേണ്ടി ലോകമുസ്ലിംകളെക്കൊണ്ട് അവരുടെ എല്ലാ നമസ്ക്കാരത്തിലും രണ്ട് തവണവീതം നിരർത്ഥകമായ ആ സലാം നിർബ്ബന്ധപൂർവ്വം ചൊല്ലിക്കുക എന്നതാണ് അബൂഹുറൈറ:യുടെ നമസ്ക്കാരരൂപത്തിലെ മുപ്പതാമത്തേതും അവസാനത്തേതുമായ ജൂതായിസം. ഇമാം അബൂഹനീഫ അങ്ങിനെയൊരു സലാമേ നമസ്ക്കാരത്തിലില്ലെന്ന് പറയാൻ കാരണവും അതാണ്. ഇതും, അത്തഹിയ്യാത്തിലെ 15ഉം, മുമ്പ് വിവരിച്ചുപോയ 14ഉം കൂടികൂട്ടിയിട്ടാണ് മുപ്പതെന്ന് പറഞ്ഞതെന്നോർമ്മിക്കുക.

## വലിയൊരു ചോദ്യം

നമസ്ക്കാരത്തിന്റെ ശരിയായ രൂപം വിവരിക്കാനും അതിൽ കടന്നു കൂടിയ അനാചാരങ്ങൾ കണ്ട് പഠിക്കാനും അവ വേർതിരിക്കാനും വേണ്ടി, പ്രഗൽഭരായ നൂറുകണക്കിൽ മഹാപണ്ഡിതന്മാർ നൂറ്റാണ്ടുകളായി ഗവേഷണ നിരീക്ഷണങ്ങൾ നടത്തിയിട്ടും അവരിൽ ആരുടെയും ശ്രദ്ധയിൽ ഇക്കാലംവരെ ഇത്തരം ജൂതായിസങ്ങളിൽ ഒറ്റൊന്നും പെടാതിരിക്കാൻ കാരണമെന്തെന്നായിരിക്കും പലരുടെയും ചോദ്യം. അതിന്റെ വ്യക്തമായ മറുപടിയാണ് താഴെ വിവരിക്കുന്നത്. അത് ശ്രദ്ധാ



പൂർവ്വം വായിക്കുക.

## ഇരട്ട മറുപടി: അതിലൊന്നാമത്തേത്

ഹസ്രത്ത് അലിയുടെ ശിഷ്യഗണത്തിൽപ്പെട്ട വലിയൊരു വിഭാഗം ശീആ പണ്ഡിതൻമാർ അബൂഹുറൈറ; തനി പൊള്ളനാണെന്നും മുനാഫിഖാണെന്നും അതിനാൽ അയാളുടെ ജൂതായിസങ്ങളടങ്ങിയ ഒറ്റ 'അത്തഹിയ്യാത്തും' നമസ്ക്കാരത്തിൽ ചൊല്ലാൻ പാടില്ലെന്നുമുള്ള വാദക്കാരാണ്. ആ വാദക്കാരുടെ അത്തഹിയ്യാത്ത്(അബൂഹുറൈറ;യുടെ ഒറ്റ ജൂതായിസവുമില്ലാത്ത്) മറ്റൊരു രൂപത്തിലുള്ള അത്തഹിയ്യാത്താണെന്ന് അല്ലാമ; ശൌക്കാനി തന്റെ നൈലൂൽ ഔത്താറിലും, മറ്റു പലരും വേറെ ഗ്രന്ഥങ്ങളിലും വിവരിച്ചിട്ടുണ്ട്. അതേപോലെ അബൂഹുറൈറ:യെ പുറം തള്ളിയ ഇമാം അബൂഹനീഫയും (അബൂഹുറൈറാ കമ്പനിക്കാരുടെ) ഒറ്റ അത്തഹിയ്യാത്തും നിർബ്ബന്ധമില്ലെന്ന വാദക്കാരനാണെന്ന് മദ്ഹബുകൾ വിവരിക്കുന്ന ഗ്രന്ഥങ്ങളായ മുഗ്നിബ്നിഖുദാമ; ഫത്ഹുൽബാരി, നൈലുൽ ഔത്വാർ മുതലായവയിൽ പരക്കെ വിവരിച്ചിട്ടുണ്ട്.

വാസ്തവത്തിൽ നിർബ്ബന്ധമില്ലെന്നല്ല, ഖുർആനിന്ന് കടകവിരുദ്ധമായതിനാൽ അതൊന്നും തീരെ പാടില്ലെന്നാണ് ഇമാം അബൂഹനീഫയുടെ മദ്ഹബ്. പക്ഷേ, അബൂഹുറൈറാ താവഴിക്കാർ പൊതുവെ അദ്ദേഹത്തിന്റെ മദ്ഹബുകളേതാനും മായം ചേർത്താണ് വിവരിക്കാറുള്ളതെന്ന് മാത്രം. അത്തഹിയ്യാത്ത് നിർബന്ധമില്ലെന്ന് മാത്രം പറഞ്ഞൊഴിഞ്ഞ് മാറിയത് അബൂഹുറൈറാ താവഴിക്കാരിൽപെട്ട ഇമാം മാലിക്കും മറ്റുമാണ്. അക്കാലത്ത് അത്രയെങ്കിലും പറയാൻ അവർ ധൈര്യം കാണിച്ചതിൽ അവരെ നാം അഭിനന്ദിക്കുകതന്നെവേണം.

ചുരുക്കത്തിൽ മേൽവിവരിച്ച ജൂതായിസങ്ങളൊന്നും കഴിഞ്ഞുപോയ നൂറ്റാണ്ടുകാരിൽ ആരുടെയും ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്ന് പറയുന്നത് കേവലം അജ്ഞതമാത്രമാണെന്നാണ് നമുക്ക് പറയാനുള്ളത്. പക്ഷെ അവരാരും ആ ജൂതായിസങ്ങളൊന്നും തന്നെ നമുക്ക് തീരെ വിവരിച്ച് തന്നില്ലെന്ന് മാത്രം. അവരാരും വിവരിച്ചു

തന്നില്ലെങ്കിലും ഖുർആനിന്റെ വെളിച്ചത്തിൽ അതെല്ലാം ഗ്രഹിക്കാനുള്ള കഴിവ് സർവ്വജ്ഞനായ അല്ലാഹു നമുക്ക് പ്രധാനം ചെയ്തുതന്നതിൽ അല്ലാഹുവിനെ നമുക്ക് അളവില്ലാതെ പ്രകീർത്തിക്കാം.

# രണ്ടാമത്തെ മറുപടി

മേലുന്നയിച്ച ചോദ്യത്തിന്ന് രണ്ടാമതൊരുമറുപടികൂടി പറയാം. അതെന്തെന്ന് ശ്രദ്ധിക്കുക. കഴിഞ്ഞുപോയ നൂറ്റാണ്ടുകാരുടെ - മരിച്ചുപോയവരുടെ - കാര്യം അവിടെയിരിക്കട്ടെ.അവരോടിപ്പോൾ നമുക്കൊന്നും ചോദിക്കാൻ നിർവ്വാഹമില്ലല്ലോ. നമുക്ക് ചോദിക്കാൻ സൗകര്യപ്പെട്ടവരും അർഹതപ്പെട്ടവരുമായ ഒരു നടപ്പ് നൂറ്റാണ്ടുകാരുണ്ടല്ലോ ഇവിടെ.100 കണക്കിൽ മഹാപണ്ഡിതന്മാർ ആ കൂട്ടത്തിലുണ്ട്താനും.എന്നിരിക്കെ, അവരിൽ ആരുടെയും ശ്രദ്ധയിൽ ഇക്കാലം വരെ ഇതൊന്നും പെടാതിരിക്കാൻ കാരണമെന്ത്? ഇതാണ് അർഹതയുള്ളചോദ്യം. ഇതിന്നുത്തരം പറയുക എന്നതു ഇവിടെ ജീവിച്ചിരുപ്പുള്ള സകല ആലിമുകൾക്കും നിർബ്ബന്ധവുമാണ്. അതായത്; ഒന്നുകിൽ ഖുർആനിന്റെ അടിസ്ഥാനത്തിൽ നാം കണിശമായും തെളിയിച്ചുകൊടുക്കുന്ന ഇതൊന്നും തന്നെ ശരിയല്ലെന്ന് അവർ സമർത്ഥിക്കണം. അതല്ലെങ്കിൽ നമ്മളിപ്പോൾ സമർത്ഥിക്കുന്നതെല്ലാം അവർ നേരത്തെ സമർത്ഥിച്ചുപോയതാണെന്ന് വ്യക്തമാക്കണം. ഇത് രണ്ടിന്നും ഈ നൂറ്റാണ്ടിലെ ബഡാ ആലിമുകൾ പോലും തയ്യാറില്ലെന്നതാണ് ഇപ്പോൾ തെളിഞ്ഞുകൊണ്ടിരിക്കുന്ന ഏറ്റവും ദയനീയവും അത്ഭുതകരവുമായ സത്യം.

അപ്പോൾ ഈ നൂറ്റാണ്ടിലെ മഹാ പണ്ഡിതൻമാരുടെ ശ്രദ്ധയിൽപോലും ഇത്തരം ജൂതായിസങ്ങളൊന്നും ഇപ്പോഴുംപെടാതിരിക്കാമെങ്കിൽ - എന്നല്ല, മറ്റാരെങ്കിലും ശ്രദ്ധയിൽപ്പെടുത്തികൊടുത്താൽ തന്നെ, അതിനെകുറിച്ച് ഒരക്ഷരവും ഉരിയാടാതെ, വായമൂടികെട്ടികൊണ്ട് അവർക്കെല്ലാം ''പൂച്ചശൈഖൻമാരായി'' അടങ്ങിയിരിക്കാമെങ്കിൽ - കഴിഞ്ഞുപോയ നൂറ്റാണ്ടുകാർക്ക് മാത്രം ''അപ്പണി'' പാടില്ലെന്നതിന്ന് എന്ത് തെളിവാണുള്ളതെന്നാണ് നമുക്ക് ചോദിക്കുവാനുള്ളത്. പൂർവ്വീകന്മാർ ദീക്ഷിച്ച അതേ മൗനം ഇന്നത്തെ മതപണ്ഡിതരും തുടരുന്നു. ''അസത്യത്തിന്റെ നേരെ നാം സത്യത്തെ വിക്ഷേപിക്കുന്നു. അന്നേരം സത്യം അസത്യത്തിന്റെ തല ചതച്ചുകളയുന്നു. ഉടനെ അതാ അസത്യം അപത്യക്ഷമാകുന്നു'' (21-18) എന്ന



ഖുർആൻ വാക്യങ്ങൾ ഖുർആനിന്റെ അമാനുഷികതയ്ക്ക് മികച്ച തെളിവാണെന്നതിൽ സംശയമില്ല. കാരണം : നൂറ്റാണ്ടുകളിലൂടെ നിലനിന്നുപോന്ന സകല ജൂതായിസങ്ങളും അനാചാരങ്ങളും തകർത്ത് തരിപ്പണമാക്കാൻമാത്രം വി: ഖുർആനിന്റെ വിവരണത്തിന്ന് പൂർണ്ണമായ കഴിവും ശേഷിയുമുണ്ടെന്നാണ് ഇപ്പോൾ തെളിഞ്ഞുകൊണ്ടിരിക്കുന്ന അൽഭുതസത്യം.

അബൂഹുറൈറ: അല്ലാഹുവിന്റെയും അല്ലാഹുവിന്റെ കിതാബിന്റെയും ശത്രുവാണെന്നും (തനി ജൂതനാണെന്നും)മുള്ള ഖലീഫ ഉമറിന്റെ പ്രഖ്യാപനം നാം ചെവിക്കൊള്ളാതിരുന്നതാണ് നമുക്ക് പറ്റിയ ഏറ്റവും വിലയ അബദ്ധം. അതിഗുരുതരവും വിലമതിക്കാനാവാത്തതും ലോകമുസ്ലിംകളെ മുഴുവൻ നേരത്തെത്തന്നെ അറിയിക്കൽ നിർബ്ബന്ധമായിരുന്നതുമായ ആ മഹൽപ്രഖ്യാപനം 1200 വർഷങ്ങൾക്ക് മുമ്പ് ബുഖാരിയെക്കാൾ മുന്തിയ ഗ്രന്ഥങ്ങളായ ഇമാം മുഹമ്മദ്ബ്നുസഅദിൽ ബസ്വരിയുടെ ''ത്വബഖാത്തിലും'' ഇമാം അബൂഉബൈദിന്റെ ''കിത്താബുൽ അംവാലിലും'' മറ്റും അബൂഹുറൈറാ കമ്പനിക്കാരുടെ ഏറ്റവും മുന്തിയ പരമ്പരകളിലൂടെതന്നെ വ്യക്തമായെഴുതിവെച്ചിട്ടും ഇക്കാലംവരെ അതെല്ലാം മൂടിവെച്ചവരാണ് ബുഖാരി, മുസ്ലിം മുതൽക്കുള്ള സകല നൂറ്റാണ്ടുകാരുമെന്നറിയമ്പോൾ ആ നൂറ്റാണ്ടുകാരുടെ പുണ്യവും ബഹുമതിയുമൊന്നും പാടിപ്പുകഴ്ത്തേണ്ട ആവശ്യം നമുക്കില്ല. എന്ന് പറഞ്ഞാൽ കഴിഞ്ഞ നൂറ്റാണ്ടുകളുടെയോ നടപ്പ് നൂറ്റാണ്ടിന്റെയോ രേഖയും തെളിവുമൊന്നുമല്ലാത്ത ചരിത്രകഥകളൊന്നും മതനിയമങ്ങളിൽ നമുക്കറിയേണ്ട ആവശ്യമില്ലെന്ന് താൽപര്യം. അല്ലാഹുവിന്റെ വിശുദ്ധ ഖുർആനിൽ നിന്ന് വ്യക്തമായി തെളിയുന്ന - ഒരു ദുർവ്യാഖ്യാനത്തിന്നും പഴുതില്ലാത്ത - സത്യങ്ങൾഇതേ പ്രകാരം ''പച്ചമലയാള''ത്തിൽ വിവരിക്കുന്നത്. സ്വീകരിക്കാൻ,അല്ലെങ്കിൽ മറുപടി പറയാൻ നമ്മുടെ മതപണ്ഡിതൻമാർ തയ്യാറുണ്ടോ? ഇല്ലേ? ഇത് മാത്രമാണ് നമുക്കറിയേണ്ട ഏക കാര്യം. അതറിഞ്ഞ് കഴിഞ്ഞാൽ പിന്നെ യാതൊരു പ്രശ്നവും ഇവിടെ അവശേഷിക്കുകയില്ല. അതിന്ന് വേണ്ടി മാത്രമാണ് അല്പം ശക്തിയായഭാഷയിൽ ഇങ്ങിനെയൊക്കെ തുറന്നെഴുതാൻ ഈയുള്ളവൻ നിർബ്ബന്ധിതനാകുന്നത് അല്ലാതെ, ഏതെങ്കിലും ഗ്രൂപ്പിലെ മതപണ്ഡിതൻമാരോട് വിരോധമോ വിദ്വേഷമോ ഉണ്ടായത്കൊണ്ടല്ല. ''ഇസ്ലാമിനെ നിങ്ങൾക്കുള്ള മതമായി ഞാൻ തൃപ്തിപ്പെട്ടിരിയ്ക്കുന്നു'' എന്ന പ്രഖ്യാപനത്തിലൂടെ മുസ് ലിംകൾക്കെല്ലാം ഇസ്ലാം എന്ന ഒരൊറ്റ പ്രസ്ഥാനംമതി എന്ന് അല്ലാഹു നിശ്ചയിച്ചുകഴിഞ്ഞു. അതിനാൽ വിഘടന വാദ

കോലാഹലങ്ങൾ നിർത്തിവെച്ച് ദൈവമതമാകുന്ന സ്വർഗ്ഗവൃക്ഷത്തിൽ പടർന്നുകയറിയ എല്ലാ ഇത്തിക്കണ്ണികളും ഏക മനസ്സോടെ വെട്ടിമാറ്റുകയാണ് മുസ്ലിംകൾ ചെയ്യേണ്ടത്.

## ഖുർആനിലെ സത്യം ഏകകണ്ഠമായി മറച്ചുവെച്ചതിന്റെ ഏറ്റവും മികച്ച ഒരുദാഹരണം :

സലാം ചൊല്ലുമ്പോൾ സലാം അലൈക്കും എന്നാണ് പറയേണ്ടതെന്നും 'അസ്സലാമു അലൈക്കും' എന്നല്ലെന്നും ഖുർആൻ വളരെ കണിശതയോടെ 35 തവണ ആവർത്തിച്ചു പഠിപ്പിച്ചിട്ടും ജൂതനായ അബൂഹുറൈറ പഠിപ്പിച്ച ജൂതവിഷം കലർന്ന 'അസ്സലാമു അലൈക്കും' എന്ന ജൂതശൈലി മാത്രമാണ് - ബുഖാരി, മുസ്ലിം മുതൽക്കുള്ള - കഴിഞ്ഞുപോയവരും ഇപ്പോഴുള്ളവരുമായ സകല നൂറ്റാണ്ടുകാരും എല്ലാ പുരോഹിതൻമാരും നമസ്കാരത്തിൽ പോലും ഇജ്മാ ആയി (ഏകകണ്ഠമായി) ഇക്കാലംവരെ പ്രചാരത്തിലാക്കിയതെങ്കിൽ അവർക്കെല്ലാം ഖുർആനിൽ വിശ്വാസമുണ്ടെന്നതിന് എന്തു തെളിവാണുള്ളതെന്നാണ് നമുക്ക് വീണ്ടും ചോദിക്കുവാനുള്ളത്. എന്നാൽ അവർക്കെല്ലാം - ഖുർആനിലല്ല മറിച്ച് അബൂഹുറൈറയിലാണ് - വിശ്വാസമെന്നാണ് ഇപ്പോൾ തെളിഞ്ഞു കഴിഞ്ഞ ഏറ്റവും വലിയൊരു ദുഃഖസത്യം. സമുദായത്തിലെ പുരോഹിതന്മാരല്ലാത്ത സമുദായനേതാക്കളും സാധാരണക്കാരുമെല്ലാം ഇക്കാര്യത്തിൽ തികച്ചും നിരപരാധികളാണെന്നതും മറ്റൊരു വസ്തുതയാണ്.



Checking & corrections done by
Dr. M.Abdul Jaleel, Puttekkad.
For Chekanoor Moulavi Trust
www.Khur-aansunnathsociety.com
www.chekanoormoulavi.com